entri

# KTET CATEGORY 3
# PART 3 MALAYALAM

entri

71. 'രീതി' യെ വൈദർഭി, ഗൗഡീയം, പാഞ്ചാലി എന്നിങ്ങനെ വിഭജിച്ചതാര് ?

(A) ദണ്ഡി

(B) രുദ്രടൻ

(C) വാമനൻ

(D) കുന്തകൻ

72. നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും വ്യുൽപാദിപ്പിക്കുന്ന ശബ്ദങ്ങൾക്ക് പറയുന്ന പേരാണ് :

(A) തദ്ധിതം

(B) പ്രകൃതി

(C) കൃത്ത്

(D) കൃതികൃത്ത്

73. താഴെ കൊടുത്തിരിക്കുന്നവയിൽ പി. പത്മരാജന്റെ കഥയല്ലാത്തത് ഏത് ?

(A) നക്ഷത്ര ദുഃഖം

(B) കഴിഞ്ഞ വസന്തകാലത്തിൽ

(C) മൂവന്തി

(D) പ്രേമലേഖനം

74. ഏത് കാലഘട്ടത്തിൽ നിലവിലിരുന്ന വിവാഹ രീതികളാണ് കളവും കർപ്പും ?

(A) സംഘകാലത്ത്

(B) വൈദികകാലത്ത്

(C) ഗുപ്തകാലത്ത്

(D) ഇവയൊന്നുമല്ല

75. ഭാഷണ ശബ്ദങ്ങളെ കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് ?

(A) അർത്ഥവിജ്ഞാനീയം

(B) വാക്യവിജ്ഞാനീയം

(C) സ്വനവിജ്ഞാനീയം

(D) പ്രയോഗ വിജ്ഞാനീയം

76. 'All that glitters are not gold.' എന്നതിന് സമാന ആശയമുള്ള മലയാള ശൈലി ഏത് ?

(A) 'എല്ലാ നക്ഷത്രങ്ങളും സ്വർണ്ണമല്ല.'

(B) 'മിന്നുന്നതെല്ലാം പൊന്നല്ല.

(C) 'സ്വർണ്ണം പോലെയല്ല എല്ലാ നക്ഷത്രങ്ങളും.'

(D) 'നക്ഷത്രങ്ങൾ സ്വർണ്ണം പോലെ തിളങ്ങില്ല.'

77. മലയാളം സംസ്കൃതജന്യമാണ് എന്ന അഭിപ്രായത്തിന്റെ അവതാരകനാര് ?

(A) എ. ആർ. രാജരാജവർമ്മ

(B) കോവുണ്ണി നെടുങ്ങാടി

(C) പി. ശങ്കരൻ നമ്പ്യാർ

(D) പി. ഗോവിന്ദപ്പിള്ള

78. താഴെ കൊടുത്തിരിക്കുന്നവയിൽ ക്രിയാംഗജത്തിന് ഉദാഹരണമായി പറയാവുന്നത് ഏത് ?

(A) കെട്ടിയ പെൺ

(B) ഉറക്കെപ്പറയുന്നു

(C) നാഴിയരി

(D) ചെറുപയറ്

entri

79. തമിഴകത്തിലെ പ്രാചീന ഭൂവിഭാഗങ്ങളായ കുറിഞ്ചി, മുല്ലൈ, മരുതം, നെയ്തൽ, പാലൈ എന്നിവ അറിയപ്പെടുന്നത് ഏത് പേരിലാണ് ?

(A) തിണൈകൾ

(B) തീരദേശങ്ങൾ

(C) സമതലങ്ങൾ

(D) മലകൾ

80. 'സാധുജന പരിപാലനയോഗം' സ്ഥാപിച്ചത് ആര് ?

(A) കെ. പി. കറുപ്പൻ

(B) പി.കെ. ചാത്തൻമാസ്റ്റർ

(C) കെ. കേളപ്പൻ

(D) അയ്യങ്കാളി

81. 'അഗ്നിസാക്ഷി' ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ് ?

(A) ചെറുകഥ

(B) ആത്മകഥ

(C) നോവൽ

(D) ജീവചരിത്രം

82. സർ വാൾട്ടർ സ്കോട്ടിന്റെ ഐവാൻ ഹോ മാതൃകയാക്കി സി. വി. രാമൻ പിള്ള രചിച്ച നോവൽ ?

(A) മാർത്താണ്ഡവർമ്മ

(B) ധർമ്മരാജ

(C) രാമരാജബഹദൂർ

(D) ദിഷ്ടദംഷ്ട്രം

83. ഭൈരവിക്കോലം ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ് ?

(A) പടയണി

(B) മുടിയേറ്റ്

(C) യക്ഷഗാനം

(D) പൊറാട്ട് നാടകം

84. ഉറൂബ് എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്നത് ആരാണ് ?

(A) എൻ. വി. കൃഷ്ണവാരിയർ

(B) കുട്ടികൃഷ്ണ മാരാർ

(C) വിഷ്ണുനാരായണൻ നമ്പൂതിരി

(D) പി. സി. കുട്ടിക്കൃഷ്ണൻ

85. എം. ടി. വാസുദേവൻ നായരുടെ തിരക്കഥ ഏത് ?

(A) സ്വയംവരം

(B) പെരുന്തച്ചൻ

(C) മതിലുകൾ

(D) ഞാൻ ഗന്ധർവൻ

86. "പുഞ്ചിരി, ഹാ കുലീനമാം കള്ളം
നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം"
ആരുടെ വരികളാണിത് ?

(A) അക്കിത്തം

(B) ഇടശ്ശേരി

(C) വൈലോപ്പിള്ളി

(D) ചങ്ങമ്പുഴ

entri

87. ഏത് വിഭാഗത്തിൽപ്പെടുന്ന അലങ്കാരമാണ് ഉപമ ?

(A) സാമ്യോക്തി

(B) അതിശയോക്തി

(C) വാസ്തവോക്തി

(D) ശ്ലേഷോക്തി

88. താഴെ കൊടുത്തിരിക്കുന്നവയിൽ യോജിക്കാത്തത് ഏത് ?

(A) പാട്ടബാക്കി – കെ. ദാമോദരൻ

(B) മുടിയനായ പുത്രൻ – തോപ്പിൽ ഭാസി

(C) നമ്മളൊന്ന് – ചെറുകാട്

(D) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് – എം. ആർ. ബി.

89. ഭാഷാവൃത്തങ്ങളിൽ ഉൾപ്പെടാത്ത വൃത്തമാണ് :

(A) മഞ്ജരി

(B) ഗായത്രി

(C) കാകളി

(D) തരംഗിണി

90. മലയാളത്തിലെ ആദ്യത്തെ പത്രം ഏതാണ് ?

(A) പശ്ചിമോദയം

(B) രാജ്യസമാചാരം

(C) പശ്ചിമ താരക

(D) സത്യനാദകാഹളം

91. നോവൽ സാഹിത്യ ചരിത്രത്തിന്റെ കാലഘട്ടമനുസരിച്ച് ക്രമപ്പെടുത്തിയിട്ടുള്ളത് ഏത് ?

(A) രണ്ടിടങ്ങഴി, ഇന്ദുലേഖ, ഒരു ദളിത് യുവതിയുടെ കദനകഥ, ഖസാക്കിന്റെ ഇതിഹാസം.

(B) ഖസാക്കിന്റെ ഇതിഹാസം, ഒരു ദളിത് യുവതിയുടെ കദനകഥ, രണ്ടിടങ്ങഴി, ഇന്ദുലേഖ.

(C) ഇന്ദുലേഖ, ഖസാക്കിന്റെ ഇതിഹാസം, രണ്ടിടങ്ങഴി, ഒരു ദളിത് യുവതിയുടെ കദനകഥ.

(D) ഇന്ദുലേഖ, രണ്ടിടങ്ങഴി, ഖസാക്കിന്റെ ഇതിഹാസം, ഒരു ദളിത് യുവതിയുടെ കദനകഥ.

92. 2011 - ലെ സെൻസസ് അനുസരിച്ച് ഭാരതീയ ഭാഷകളിൽ എത്രാം സ്ഥാനമാണ് മലയാളത്തിന് ?

(A) പന്ത്രണ്ടാം സ്ഥാനം

(B) പത്താം സ്ഥാനം

(C) അഞ്ചാം സ്ഥാനം

(D) എട്ടാം സ്ഥാനം

93. 'ധനമെന്നുള്ളത് മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹനൂനം'
ഏത് തുള്ളൽ കൃതിയിലെ വരികളാണിത് ?

(A) കല്യാണസൗഗന്ധികം

(B) കിരാതം

(C) കീചകവധം

(D) ഘോഷയാത്ര

entri

94. വിക്ടർ യൂഗോയുടെ 'ലെ മിറാബിലെ' എന്ന ഫ്രഞ്ച് നോവലിന്റെ വിവർത്തനമാണ് :

(A) പൗരസ്ത്യദീപം

(B) പുളകാങ്കുരം

(C) പാവങ്ങൾ

(D) ചക്രങ്ങൾ

95. വിപ്ലവത്തിന്റെ ശുക്രനക്ഷത്രമെന്ന് പ്രൊഫ : ജോസഫ് മുണ്ടശ്ശേരി ആരെയാണ് വിശേഷിപ്പിച്ചത് ?

(A) ചങ്ങമ്പുഴയെ

(B) ഇടപ്പള്ളി രാഘവൻ പിള്ളയെ

(C) വള്ളത്തോളിനെ

(D) കുമാരനാശാനെ

96. ഒരു പാദത്തിൽ 26 നു മേൽ അക്ഷരങ്ങളുള്ള സമവൃത്തമാണ് :

(A) ശക്വരി

(B) ധൃതി

(C) അഷ്ടി

(D) ദണ്ഡകം

97. പത്മ, കുഞ്ഞാമിന, മൈമൂന, എന്നിവർ ഏത് നോവലിലെ കഥാപാത്രങ്ങളാണ് ?

(A) വേരുകൾ

(B) ഗുരുസാഗരം

(C) ഖസാക്കിന്റെ ഇതിഹാസം

(D) കേശവന്റെ വിലാപങ്ങൾ

98. 'വിഭാവാനുഭാവവ്യഭിചാരിസംയോഗാദ്രസ നിഷ്പത്തി' എന്ന സൂത്രം ആരുടേതാണ് ?

(A) ഭരതമുനി

(B) വാമനൻ

(C) ആനന്ദവർധനൻ

(D) ഭട്ടലൊല്ലടൻ

99. മലയാളത്തിലുണ്ടായ ആദ്യത്തെ ചമ്പൂകാവ്യം ഏത് ?

(A) ഉണ്ണിയച്ചീചരിതം

(B) ഉണ്ണിച്ചിരുതേവീചരിതം

(C) ഉണ്ണിയാടീചരിതം

(D) രാമായണം ചമ്പൂ

100. കരിന്തമിഴുകാലം, മലയാൺമക്കാലം, മലയാളകാലം എന്നിങ്ങനെ മലയാള ഭാഷയെ മൂന്ന് ഘട്ടങ്ങളായി വിഭജിച്ചത് :

(A) പി. വേലായുധൻ പിള്ള

(B) എ. ആർ. രാജരാജവർമ്മ

(C) സി. എൽ. ആന്റണി

(D) ഡോ. കെ. എം. ജോർജ്

101. സംവൃത ഉകാരത്തിന് സ്വരം പരമായാൽ നിത്യമായി ലോപം വരും എന്ന് ലീലാതിലകത്തിൽ പറയുന്ന സൂത്രം ഏത് ?

(A) ണസ്തന്യട:

(B) ലോപാശ്ച

(C) തസ്യഭിത്വം വാ

(D) റുട്ട്യോർ ദിത്വം ച

entri

102. പച്ച, കത്തി, കരി, താടി, മിനുക്ക് എന്നീ വേഷങ്ങൾ ഏത് കലയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ് ?

(A) കഥകളി

(B) കൂടിയാട്ടം

(C) നങ്ങ്യാർ കൂത്ത്

(D) ഓട്ടൻ തുള്ളൽ

103. അരങ്ങുകാണാത്ത നടൻ – ആരുടെ ആത്മകഥയാണ് ?

(A) എൻ. എൻ. പിള്ള

(B) തിക്കോടിയൻ

(C) വി. ടി. ഭട്ടതിരിപ്പാട്

(D) പി. ജെ. ആന്റണി

104. "ബദറുൽ മുനീർ ഹുസ്നുൽ ജമാൽ" എന്ന പ്രണയ കാവ്യത്തിന്റെ രചയിതാവ് ?

(A) അബ്ദുൽ ഖാദിർ മസ്താൻ

(B) മോയിൻകുട്ടി വൈദ്യർ

(C) ചാക്കീരി മൊയ്തീൻ കുട്ടി

(D) താനൂർ മുഹ്‌യിദ്ദീൻ മുല്ല

105. പച്ചമലയാള കൃതിയല്ലാത്തത് ?

(A) കലി

(B) പാക്കനാർ

(C) നല്ല ഭാഷ

(D) കോമപ്പൻ

106. കലി, പുഷ്കരൻ, കാർക്കോടകൻ, ഹംസം എന്നിവർ ഏത് ആട്ടക്കഥയിലെ കഥാപാത്രങ്ങളാണ് ?

(A) ഉത്തരാസ്വയംവരം

(B) ദക്ഷയാഗം

(C) നളചരിതം

(D) കീചകവധം

107. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതിന് യോജിക്കുന്ന വൃത്തമാണ് നതോന്നത ?

(A) കൃഷ്ണഗാഥ

(B) കിളിപ്പാട്ട്

(C) തുള്ളൽപ്പാട്ട്

(D) വഞ്ചിപ്പാട്ട്

108. താഴെ കൊടുത്തിരിക്കുന്നതിൽ നിയോജക പ്രകാരത്തിന് ഉദാഹരണമേത് ?

(A) പറയട്ടെ

(B) പറയണം

(C) പറയാം

(D) പറയുന്നു

109. ശക്തിയുടെ കവി എന്ന് വിശേഷിപ്പിക്കുന്നത് ആരെ ?

(A) അക്കിത്തം അച്യുതൻ നമ്പൂതിരി

(B) വൈലോപ്പിള്ളി ശ്രീധരമേനോൻ

(C) വയലാർ രാമവർമ്മ

(D) ഇടശ്ശേരി ഗോവിന്ദൻ നായർ

110. തന്നിരിക്കുന്നവയിൽ സഞ്ചാരസാഹിത്യ കൃതി ഏത് ?

(A) ഒരു തെരുവിന്റെ കഥ

(B) മരുഭൂമികൾ ഉണ്ടാകുന്നത്

(C) തിസ്സൂർ രേഖകൾ

(D) വർത്തമാനപ്പുസ്തകം

111. കാലം, പ്രകാരം, പുരുഷൻ ഇത്യാദികളായ ഉപാധികളൊന്നുമില്ലാതെ കേവലമായ ക്രിയയെ കുറിക്കുന്ന വിനയെച്ചമാണ് :

(A) നടുവിനയെച്ചം

(B) പിൻവിനയെച്ചം

(C) മുൻവിനയെച്ചം

(D) ഇതൊന്നുമല്ല

112. 2025 - ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച നോവലേത് ?

(A) റാം C/o ആനന്ദി

(B) ആത്രേയകം

(C) തപോമയിയുടെ അച്ഛൻ

(D) പട്ടുനൂൽപുഴു

113. ടാഗോറിന്റെ ഗീതാഞ്ജലി മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കവിയാണ് :

(A) ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

(B) ജി. ശങ്കരക്കുറുപ്പ്

(C) നാലാപ്പാട്ട് നാരായണമേനോൻ

(D) എസ്. രമേശൻ നായർ

114. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് മഹാകാവ്യങ്ങളുടെ ഗണത്തിൽ പെടാത്തത് ?

(A) ചിത്രയോഗം

(B) ഉമാകേരളം

(C) വീണപൂവ്

(D) രാമചന്ദ്രവിലാസം

115. "കല പ്രകൃതിയുടെ അനുകരണമാണ്. ഭാഷയിൽ കൂടിയുള്ള അനുകരണമാണ് സാഹിത്യകല" – ആരുടെ പ്രസ്താവനയാണിത് ?

(A) അരിസ്റ്റോട്ടിൽ

(B) പ്ലാറ്റോ

(C) വേർഡ്സ്വർത്ത്

(D) ഓസ്കർ വൈൽഡ്

116. 'കായലരികത്ത് വലയെറിഞ്ഞപ്പോൾ വളകിലുക്കിയ സുന്ദരി'
ഈ ചലച്ചിത്ര ഗാനത്തിന്റെ രചയിതാവ് ആര് ?

(A) ശ്രീകുമാരൻ തമ്പി

(B) ഒ. എൻ. വി. കുറുപ്പ്

(C) പി. ഭാസ്കരൻ

(D) കെ. രാഘവൻ

117. താഴെ കൊടുത്തിരിക്കുന്നവയിൽ ദന്ത്യാക്ഷരം ഏതാണ് ?

(A) ഛ

(B) ധ

(C) ക

(D) ഡ

entri

118. പ്രജനക വ്യാകരണത്തിന്റെ ഉപജ്ഞാതാവ് ആര് ?

(A) കെ. എൽ. പൈക്ക്
(B) ബ്ലൂം ഫീൽഡ്
(C) ബി. എഫ്. സ്കിന്നർ
(D) നോം ചോംസ്കി

119. അകൃത്രിമദ്യുതിരനവദ്യേയം
അടുത്തു ചെന്നിനിയനുപശ്യേയം
ആകൃതി കണ്ടാലതിരംഭേയാ
ആരാലിവൾതന്നധരം പേയം
തന്നിരിക്കുന്ന വരികളിലെ പ്രാസം കണ്ടെത്തുക.

(A) ദ്വിതീയാക്ഷരപ്രാസം
(B) അഷ്ടപ്രാസം
(C) അന്ത്യപ്രാസം
(D) ലാടാനുപ്രാസം

120. വക്കം അബ്ദുൾഖാദർ മൗലവിയുടെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിച്ചിരുന്ന 'സ്വദേശാഭിമാനി' യുടെ പത്രാധിപർ ആരായിരുന്നു ?

(A) ചെമ്പകരാമൻ പിള്ള
(B) മാത്തുത്തരകൻ
(C) കെ. രാമകൃഷ്ണപ്പിള്ള
(D) ശങ്കരനാരായണൻ ചെട്ടി

121. വിദ്യാർത്ഥികളുടെ ആസ്വാദനക്കുറിപ്പ് വിലയിരുത്തുമ്പോൾ അധ്യാപകർ പരിഗണിക്കേണ്ടത് ഏതാണ് ?

(A) ആശയ പൂർണ്ണത
(B) പ്രയോഗഭംഗി
(C) സ്വന്തം അഭിപ്രായം
(D) ഇവയെല്ലാം

122. ഭാഷാപഠനത്തിന്റെ അടിസ്ഥാന ശേഷികളുടെ ശരിയായ ക്രമം ഏതാണ് ?

(A) എഴുത്ത് - വായന - ഭാഷണം - ശ്രവണം
(B) ശ്രവണം - ഭാഷണം - വായന - എഴുത്ത്
(C) ഭാഷണം - ശ്രവണം - വായന - എഴുത്ത്
(D) ഭാഷണം - ശ്രവണം - എഴുത്ത് - വായന

123. എഴുതുമ്പോൾ ചില അക്ഷരങ്ങൾ സ്ഥിരമായി സ്ഥാനം മാറിപ്പോവുന്ന പ്രവണതയുള്ള ഒരു കുട്ടി നേരിടുന്നത് ഏതുതരം പഠന പ്രശ്നമാണ് ?

(A) ഡിസ്‌ലെക്സിയ
(B) ഡിസ്ഗ്രാഫിയ,
(C) ഡിസ്കാൽക്കുലിയ
(D) ഡിസ്പ്രാക്സിയ

124. ക്ലാസ് മുറിയിൽ അലങ്കാരപഠനം കൊണ്ട് ലക്ഷ്യമാക്കുന്നതെന്ത് ?

(A) പദങ്ങൾ ഓർമ്മിക്കാനുള്ള ശേഷി ഉണ്ടാക്കിയെടുക്കൽ
(B) കാവ്യഭാഷയുടെ സാധ്യതകൾ തിരിച്ചറിയൽ
(C) ഈണത്തിൽ പാടാനുള്ള താൽപര്യമുണർത്തൽ
(D) ലക്ഷ്യവും ലക്ഷണവും സമന്വയിപ്പിക്കൽ

entri

125. സഹവർത്തിത പഠനരീതിയെക്കുറിച്ചുള്ള പ്രസ്താവനകളിൽ അനുയോജ്യമല്ലാത്തത് ഏത് ?

(A) കുട്ടിയുടെ ജന്മസിദ്ധമായ കഴിവുകളെ അംഗീകരിക്കുന്നു.

(B) ചിന്താപ്രക്രിയയ്ക്ക് ഊന്നൽ നൽകുന്നു.

(C) പഠനത്തിൽ സംവാദത്തിന് വർദ്ധിച്ച പ്രാധാന്യം നൽകുന്നു.

(D) ആവർത്തനത്തിനും ഓർമ്മിച്ചു പറയലിനും ഊന്നൽ നൽകുന്നു.

126. ലിംഗപരമായ വിവേചനം ഇല്ലാതാക്കുന്നതിന് വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളിൽ ഏറ്റവും അനുയോജ്യം ഏത് ?

(A) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ യൂണിഫോം നിഷ്കർഷിക്കുക.

(B) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ഇരിപ്പിടങ്ങൾ നിഷ്കർഷിക്കുക.

(C) വിദ്യാലയത്തിൽ ലിംഗവിവേചനപരമായ സമീപനം പൂർണമായി ഒഴിവാക്കുക.

(D) കളികളിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും വെവ്വേറെ ഗ്രൂപ്പുകൾ ആക്കുക.

127. ഭാഷാസമഗ്രതാ ദർശനത്തിൽ പഠനബോധനരീതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

(A) നിർദ്ദിഷ്ട പഠനലക്ഷ്യങ്ങൾ നേടുന്നതിനു യോജിച്ച അനുഭവങ്ങൾ നൽകുക.

(B) പാഠപുസ്തകങ്ങളിലെ ഉള്ളടക്ക വിനിമയത്തിന് പ്രാധാന്യം കൊടുക്കുക.

(C) പാഠപുസ്തക രചനകൾ മനഃപാഠമാക്കുന്നതിന് അവസരം ഒരുക്കുക.

(D) നിരന്തരമായ ലേഖന പ്രവർത്തനങ്ങൾ മാത്രം നൽകുക.

128. താഴെ കൊടുത്തിരിക്കുന്നതിൽ ബോധനശാസ്ത്രപരമായ അപഗ്രഥനവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

(A) ബോധനശാസ്ത്രപരമായ അപഗ്രഥനത്തിനു ശേഷമാണ് ദൈനംദിന ആസൂത്രണം തയ്യാറാക്കുന്നത്.

(B) ദൈനംദിനാസൂത്രണത്തിനു ശേഷമാണ് ബോധനശാസ്ത്രപരമായ അപഗ്രഥനം തയ്യാറാക്കുന്നത്.

(C) പാഠഭാഗ ഉള്ളടക്കം, ആശയം, ധാരണ എന്നിവ തിരിച്ചറിയുന്നതിന് ബോധനശാസ്ത്രപരമായ അപഗ്രഥനം സഹായിക്കുന്നില്ല.

(D) പാഠഭാഗത്തിലെ ഭാഷാപരമായ സവിശേഷതകൾ ബോധനശാസ്ത്രപരമായ അപഗ്രഥനത്തിൽ ഉൾപ്പെടുന്നില്ല.

entri

129. സ്വയംപഠനം, സമസംഘപഠനം, സംഘപഠനം തുടങ്ങി പഠന സാഹചര്യങ്ങളോടുള്ള മുൻഗണനകൾ ഉൾക്കൊള്ളുന്ന പഠനശൈലി മേഖല ഏത് ?

(A) പാരിസ്ഥിതികം (Environmental)

(B) വൈകാരികം (Emotional)

(C) ശാരീരികം (Physical)

(D) സാമൂഹികം (Sociological)

130. കാഴ്ച പരിമിതരായ കുട്ടികൾക്കു വേണ്ടി രൂപപ്പെടുത്തിയ ലിപി ഏത് ?

(A) കാലിഗ്രാഫി

(B) ഓട്ടോഗ്രഫി

(C) ബ്രാഹ്മി ലിപി

(D) ബ്രെയിലി ലിപി

131. സർവ്വഭാഷാ വ്യാകരണത്തിന്റെ ഉപജ്ഞാതാവ് :

(A) നോം ചോംസ്കി

(B) ബ്രൂണർ

(C) ഐ. ജെ. ഫെറിയർ

(D) വൈഗോട്സ്കി

132. ലേഖന നൈപുണികളുടെ സമഗ്രമായ വിലയിരുത്തലിന് സഹായകമായ ചോദ്യ മാതൃക ഏത് ?

(A) വസ്തുനിഷ്ഠം

(B) ബഹുത്തരം

(C) ഉപന്യാസം

(D) ചേരുംപടി ചേർക്കൽ

133. ഉപന്യാസം തയ്യാറാക്കുന്ന ഒരു വിദ്യാർഥി കടന്നുപോകുന്ന ഉയർന്ന മാനസിക പ്രക്രിയ ഏത് ?

(A) വർഗീകരിക്കുന്നു

(B) ഓർമ്മിക്കുന്നു

(C) വിശകലനം ചെയ്യുന്നു

(D) ക്രോഡീകരിക്കുന്നു

134. ദൃശ്യസ്ഥലപര ബുദ്ധിയുടെ വികാസത്തിന് നൽകാവുന്ന ഒരു ഭാഷാപഠന പ്രവർത്തനം ഏത് ?

(A) കടങ്കഥ പയറ്റ്

(B) നാടകാവതരണം

(C) മൗനവായന

(D) വായിച്ചു കേൾപ്പിക്കൽ

entri

135. കാവ്യാലാപനത്തിൽ പ്രകടമാകുന്ന ബഹുമുഖ ബുദ്ധിയുടെ ഘടകം ഏത് ?

(A) ദൃശ്യസ്ഥലപര ബുദ്ധി

(B) ഗണിതപര ബുദ്ധി

(C) സംഗീതപര ബുദ്ധി

(D) വ്യക്ത്യാന്തര ബുദ്ധി

136. ദൈനംദിനാസൂത്രണ രേഖയിലെ പ്രതിഫലനാത്മക കുറിപ്പിൽ അധ്യാപകർ രേഖപ്പെടുത്തുന്നത് എന്ത് ?

(A) പഠനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

(B) ക്ലാസിനു ശേഷമുള്ള അധ്യാപകന്റെ തിരിച്ചറിവുകൾ

(C) മൂല്യനിർണ്ണയ സൂചനകൾ

(D) തുടർപ്രവർത്തനങ്ങളുടെ വിവരണം

137. പിയാഷെയുടെ വൈജ്ഞാനിക വികാസഘട്ടങ്ങളെ കുറിച്ചുള്ള കാഴ്ചപ്പാടിൽ 2 വയസ്സുവരെയുള്ള കാലം ഏതു ഘട്ടമാണ് ?

(A) മനോവ്യാപാരങ്ങൾക്ക് മുൻപുള്ള ഘട്ടം (pre operational stage)

(B) രൂപാത്മകവ്യാപാരഘട്ടം (concrete operational stage)

(C) ഔപചാരിക മനോവ്യാപാരഘട്ടം (formal operational stage)

(D) ഇന്ദ്രിയശ്ചാലക ഘട്ടം (sensory motor stage)

138. ചേഷ്ടാവാദത്തെക്കുറിച്ച് താഴെക്കൊടുത്ത പ്രസ്താവനയിൽ ശരിയായത് ഏത് ?

(A) അറിവ് നിലനിൽക്കാൻ ശക്തമായ ചോദക - പ്രതികരണ ബന്ധം ആവശ്യമാണ്.

(B) മാനസിക പ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്നു.

(C) കുട്ടികൾക്ക് ചിന്തയും ലക്ഷ്യവും ആഗ്രഹവും ഉണ്ട്.

(D) ചാക്രികമായ പഠന രീതിയാണ്.

139. താഴെക്കൊടുത്തിരിക്കുന്നവയിൽ ഭാഷാപരമായ ബുദ്ധി വികസിപ്പിക്കുന്നതിനായി കൊടുക്കാവുന്ന പ്രവർത്തനം ഏത് ?

(A) സസ്യങ്ങൾ, ജന്തുക്കൾ എന്നിവയുടെ വൈവിധ്യം നിരീക്ഷിച്ചു തരം തിരിക്കൽ

(B) സസ്യങ്ങൾ, ജന്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട പദാവലികൾ ഉൾപ്പെടുത്തി ലഘു വിജ്ഞാന കോശം തയ്യാറാക്കൽ

(C) സസ്യങ്ങൾ, ജന്തുക്കൾ എന്നിവയുടെ നിറങ്ങൾ തിരിച്ചറിയുകയും പട്ടികപ്പെടുത്തുകയും ചെയ്യൽ

(D) സസ്യങ്ങൾ, ജന്തുക്കൾ എന്നിവയുടെ ചിത്രങ്ങൾ വരച്ച് പ്രദർശിപ്പിക്കൽ

entri

140. പഠന പ്രവർത്തനങ്ങളിൽ കുട്ടിയെ മറ്റുള്ളവർ സഹായിക്കുന്ന പ്രവൃത്തിക്ക് പറയുന്ന പേരാണ് സ്കഫോൾഡിങ് അല്ലെങ്കിൽ കൈത്താങ്ങ്. ഈ പേര് നൽകിയത് ആരാണ് ?

(A) പിയാഷേ

(B) വൈഗോട്സ് കി

(C) നോം ചോംസ്കി

(D) ബ്രൂസ് ജോയ്സ്

141. ഭാഷാപഠനത്തിൽ കുട്ടികൾ വരുത്തുന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള സൃഷ്ടിപരമായ മാർഗം ഏതാണ് ?

(A) കേൾക്കൽ

(B) അന്വേഷണാത്മക രീതി

(C) അപഗ്രഥന രീതി

(D) എഡിറ്റിംഗ്

142. ചേഷ്ടാവാദത്തിന്റെ (ബിഹേവിയറിസം) അടിസ്ഥാന ആശയങ്ങൾ ആദ്യമായി ക്രോഡീകരിക്കപ്പെട്ടത് ഏത് കൃതിയിൽ ?

(A) The Principles of Psychology

(B) Human Growth and Development

(C) Psychology from the Standpoint of a Behaviourist

(D) Language and Thought

143. പോർട്ട്ഫോളിയോ വിലയിരുത്തൽ താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ആത്യന്തിക മൂല്യനിർണ്ണയം

(B) നിരന്തര മൂല്യനിർണ്ണയം

(C) ടേം മൂല്യനിർണ്ണയം

(D) സമസംഘ മൂല്യനിർണ്ണയം

144. ഒരു കവിത വിനിമയം ചെയ്യുന്നതിന് വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ അധ്യാപകർ പ്രയോജനപ്പെടുത്തുന്നത് എന്തുകൊണ്ടാണ് ?

(A) അധ്യാപകരുടെ പ്രതിഭ തെളിയിക്കുന്നതിന്

(B) ആശയങ്ങൾ ആവർത്തിച്ച് ഉറപ്പിക്കുന്നതിന്

(C) ആത്യന്തിക മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തുന്നതിന്

(D) ബുദ്ധിയുടെ ബഹുമുഖമായ വികാസത്തിന്

145. ഭാഷ, ഗണിതം, സംഗീതം തുടങ്ങിയ ഓരോ മേഖലയ്ക്കും ഓരോ തരം ബുദ്ധിയാണ് എന്ന സിദ്ധാന്തത്തിന്റെ പേര് :

(A) ദ്വിഘടകബുദ്ധി സിദ്ധാന്തം

(B) ബഹുമുഖബുദ്ധി സിദ്ധാന്തം

(C) ഏകഘടകബുദ്ധി സിദ്ധാന്തം

(D) ബഹുഘടകബുദ്ധി സിദ്ധാന്തം

entri

146. ഭാഷാപഠന ക്ലാസ്സിൽ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്നത് മൂലമുള്ള പ്രധാന നേട്ടം എന്ത് ?

(A) കടലാസ് ഉപയോഗം കുറയ്ക്കുന്നത് വഴി ക്ലാസ് മുറിയെ പരിസ്ഥിതി സൗഹൃദമാക്കുന്നു.

(B) അധ്യാപകർക്ക് സമയലാഭവും ജോലിലാഭവും നൽകുന്നു.

(C) ആശയ വിനിമയത്തെ കൂടുതൽ ഫലപ്രദമാക്കുന്നു.

(D) പുതിയ സാങ്കേതികവിദ്യകളുമായി പരിചയപ്പെടുന്നു.

147. വാക്കുകൾ, പദങ്ങൾ, സംഖ്യകൾ, ആശയങ്ങൾ എന്നിവയെ അവയുടെ സവിശേഷതകൾക്ക് അനുസരിച്ച് വർഗീകരിക്കുന്നത് ഏതുതരം പഠനതന്ത്രമാണ് ?

(A) വൈജ്ഞാനിക തന്ത്രങ്ങൾ (cognitive strategies)

(B) സ്വന്തം ചിന്തയെക്കുറിച്ച് ചിന്തിക്കുന്ന തന്ത്രങ്ങൾ (meta cognitive strategies)

(C) സാമൂഹിക / വൈകാരിക തന്ത്രങ്ങൾ (social affective strategies)

(D) ഇവയൊന്നുമല്ല

148. ജ്ഞാനനിർമ്മിതി വാദമനുസരിച്ച് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

(A) അനുഭവങ്ങളിലൂടെയാണ് അറിവ് സൃഷ്ടിക്കപ്പെടുന്നത്.

(B) കുട്ടി ഒഴിഞ്ഞ പാത്രമാണ്.

(C) പഠനം സ്വാഭാവികമായ ഒരു പ്രക്രിയ അല്ല.

(D) കുട്ടി അറിവിന്റെ നിർമ്മാതാവ് അല്ല.

149. പഠിതാക്കളുടെ ഭാഷാനൈപുണി വർധിപ്പിക്കുന്നതിനായി അധ്യാപകർക്ക് തങ്ങളുടെ ക്ലാസ് മുറിയിൽ നടത്താവുന്ന ഏറ്റവും ഉചിതമായ പ്രവർത്തനം ഏത് ?

(A) പദങ്ങളുടെ ശരിയായ ഉച്ചാരണ രീതികൾ പഠിപ്പിക്കുക.

(B) വ്യാകരണ നിയമങ്ങൾ പഠിപ്പിക്കുക.

(C) സംഭാഷണത്തിനുള്ള സ്വാഭാവിക സന്ദർഭങ്ങൾ ഒരുക്കുക.

(D) ഓഡിയോ റെക്കോർഡുകൾ കേൾപ്പിക്കുക.

150. ഒരു പാഠഭാഗത്തിന്റെ/ യൂണിറ്റിന്റെ വിനിമയത്തിനു ശേഷം എന്തൊക്കെ പഠിച്ചു എന്നു വിലയിരുത്തുന്ന പ്രക്രിയ ഏത് ?

(A) പഠനത്തിനായുള്ള വിലയിരുത്തൽ

(B) പഠനത്തെ വിലയിരുത്തൽ

(C) വിലയിരുത്തൽ തന്നെ പഠനം

(D) പ്രക്രിയയെ വിലയിരുത്തൽ

-oOo-

# THANK YOU